"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ജലവിഭവ വകുപ്പ് നൽകിയ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ രേഖകൾ പ്രകാരം വനഭൂമി അല്ലാത്ത ഭൂമി പുറമ്പോക്കിൽ നിന്നും തരിശിലേക്ക് ഇനം മാറ്റം നടത്തി, ടി ഭൂമിയിലെ കൈവശങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.156/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1 ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും, ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെയും ബന്ധപ്പെട്ട ബഹു.എം.എൽ.എമാരുടെയും സാന്നിധ്യത്തിലും 11.12.2024, 02.04.2025 തീയതികളിൽ ചേർന്ന യോഗത്തിലെ തീരുമാനം.

2 കൊല്ലം ജില്ലാ കളക്ടറുടെ 28.01.2025, 15.03.2025, 11.03.2026 തീയതികളിലെ DCKLM/10639/2022-L5 നമ്പർ കത്തുകൾ.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 26.03.2025, 09.06.2025, 12.03.2026 തീയതികളിലെ LR/8833/2024-(PM2) നമ്പർ കത്തുകൾ.

4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 30.05.2025-ലെ DCPTA/3140/2024-C6 നമ്പർ കത്ത്.

5. G.O.(Ms).No.27/2026/WRD dated 10.03.2026.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിൽ കൈവശഭൂമി ഉള്ളവർക്ക് പട്ടയം നല്കുന്ന വിഷയം ചർച്ച ചെയ്ത്, പരാമർശം (1) പ്രകാരമുള്ള 11.12.2024-ലെ യോഗത്തിൽ, പരമാവധി ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിനായി, കനാൽ പുറമ്പോക്കിലെ നിലവിലെ കൈവശങ്ങളുടെ, കനാലിന്റെ വശങ്ങളിൽ നിന്നുള്ള ദൂരപരിധി, 3.017 മീറ്റർ ആയി തത്വത്തിൽ അംഗീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. തുടർന്ന്, ടി വിഷയത്തിൽ 02.04.2025 തീയതിയിൽ ചേർന്ന യോഗത്തിൽ, പട്ടയം നൽകുന്നതിന് അർഹരായവരുടെ വിശദമായ ഒരു ലിസ്റ്റ് തയാറാക്കുന്നതിനും, സർക്കാർ തലത്തിൽ ഉത്തരവുണ്ടാകുന്നതിന് പര്യാപ്തമായ പ്രൊപോസൽ സമർപ്പിക്കുന്നതിനും തീരുമാനമെടുത്തിരുന്നു.

2. ആയത് പ്രകാരം ലാൻഡ് റവന്യൂ കമീഷണർ സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ, പത്തനംതിട്ട ജില്ലയിൽ നടന്ന സംയുക്ത പരിശോധനയിലെ ഡാറ്റാ പ്രകാരം KIP പുറമ്പോക്കിലെ ആകെ കൈവശങ്ങൾ 248 ആണെന്നും, ഇതിൽ 3.017 മീറ്ററിന് പുറത്ത് 237 കൈവശങ്ങൾ ഉണ്ടെന്നും, കനാലിൽ നിന്നും സുരക്ഷിതമായ ദൂരപരിധി എത്രയെന്നോ, എത്ര കൈവശങ്ങൾ പരിഗണിക്കാവുന്നതാണെന്നോ ഉള്ള വിവരം KIP അധികാരികൾ അറിയിച്ചിട്ടില്ലാത്തതിനാൽ, തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നില്ലെന്നാണ് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നത്. കൊല്ലം ജില്ലയിൽ നടന്ന രണ്ടാംഘട്ട പരിശോധനയിൽ, കൊട്ടാരക്കര, പുനലൂർ, പത്തനാപുരം താലൂക്കുകളിലെയായി KIP പുറമ്പോക്കിൽ ആകെ 1639 കൈവശങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും, ഇതിൽ 3.017 മീറ്ററിന് പുറത്ത് 1572 കൈവശങ്ങൾ ഉണ്ടെന്നും കൊല്ലം ജില്ലാ കളക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

3. പുനലൂർ താലൂക്കിലെ കൈയ്യേറ്റങ്ങളിൽ അധികവും കൃഷി ചെയ്ത് വരുന്ന സ്ഥലമാണെന്നും, താൽക്കാലിക ഇടവിളകൾ കൃഷിചെയ്യുന്ന കൈവശങ്ങൾ പട്ടയത്തിന് പരിഗണിക്കാവുന്നതാണെന്നും, കട്ടിംഗ് ഏരിയയിൽ ഉൾപ്പെട്ട് വരുന്നതും നിശ്ചിത ദൂരം പാലിക്കുന്നതുമായ കൈയ്യേറ്റങ്ങൾ പതിവ് നടപടികൾക്ക് വിധേയമാക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പൊന്നും വില കൊടുത്ത് ഭൂമി ആരുടെ കൈയ്യിൽ നിന്നാണോ വാങ്ങിയത് അവർക്ക് തന്നെ തിരികെ ഭൂമിക്ക് പട്ടയം കൊടുക്കുന്ന സാഹചര്യമാണുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനാപുരം താലൂക്കിലെ കൈവശങ്ങളിൽ ഭൂരിഭാഗവും കനാലിന്റെ ഫില്ലിംഗ് ഏരിയയിൽ ആയതിനാൽ മിക്ക കൈവശങ്ങളും KIP ഉദ്യോഗസ്ഥരുടെ എതിർപ്പ് മൂലം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും, കനാലിന്റെ ഭൂരിഭാഗവും കടന്നുപോകുന്നത് KIP-ക്ക് വിവിധ ഉത്തരവുകളിലൂടെ ലീസിന് നൽകിയിട്ടുള്ളതും, ജണ്ടയിട്ട് തിരിച്ചിട്ടുള്ളതുമായ വനഭൂമിയിലൂടെയാണെന്നും, ഈ സ്ഥലത്തെ കൈവശക്കാർ വനഭൂമി പട്ടയത്തിനായുള്ള JVR ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. KIP കനാൽ നിർമ്മാണത്തിനായി വിവിധ കാലയളവുകളിൽ കൈമാറിയ വനഭൂമി ഡിസ്റിസർവ്വ് ചെയ്തിട്ടില്ലാത്തതാണെന്നും, റിസർവ്വ് സ്റ്റാറ്റസ് ഉള്ള ടി വനഭൂമികളിലെ കയ്യേറ്റങ്ങൾക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണെന്ന് പുനലൂർ ഡി.എഫ്.ഒ അറിയിച്ചിട്ടുള്ളതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ, KIP കനാൽ പുറമ്പോക്ക് പട്ടയ വിഷയത്തിൽ ചേർന്ന യോഗങ്ങളിൽ പട്ടയം നൽകുന്നതിനായി പറഞ്ഞിട്ടുള്ള കനാലിൽ നിന്നുള്ള ദൂര പരിധി (3.017 മീറ്റർ) അംഗീകരിക്കാൻ സംയുക്ത പരിശോധനയിൽ പങ്കെടുത്ത KIP ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ലാത്താണെന്നും, അപ്രകാരം 3.017 മീറ്റർ എന്ന ദൂര പരിധി പാലിക്കാത്ത പക്ഷം, KIP കനാൽ പുറമ്പോക്കിൽ താമസിക്കുന്ന ഭൂരിഭാഗം പേരേയും പട്ടയത്തിന് പരിഗണിക്കാൻ കഴിയുന്നതല്ലെന്നും, പ്രസ്തുത സാഹചര്യത്തിൽ കനാൽ പുറമ്പോക്കിലെ കൈവശ കക്ഷികൾ പേരിൽ പട്ടയം അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ മാനദണ്ഡം നിശ്ചയിച്ച് ഉത്തരവുണ്ടാകേണ്ടതുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. തുടർന്ന്, ടി വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.ജലവിഭവ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിലും, ബഹു.റവന്യൂ വകുപ്പ് മന്ത്രി, ബഹു.ധനകാര്യ വകുപ്പ് മന്ത്രി, ബഹു.ഗതാഗത വകുപ്പ് മന്ത്രി, ബഹു.ഡെപ്യൂട്ടി സ്പീക്കർ, എന്നിവരുടെ സാന്നിധ്യത്തിലും ഒരു യോഗം 20.12.2025-ന് ചേർന്നിരുന്നു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 05.01.2026 തീയതിയിൽ ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും കൂടി സൈറ്റ് പരിശോധന നടത്തുകയുണ്ടായി. തുടർന്ന്, 2026 ജനുവരി 6-ആം തീയതി മറ്റൊരു യോഗം ചേരുകയും, Superintending Engineer-ടെ നേതൃത്വത്തിൽ, റവന്യൂ

ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി ഒരു ടീം രൂപീകരിക്കുന്നതിനും, കരട് മാർഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനും തീരുമാനമെടുത്തിരുന്നു.

6. തുടർന്ന്, കല്ലട ജലസസേചന പദ്ധതിയുടെ (KIP) കനാൽ അതിരിൽ നിന്നും 8 മീറ്റർ ദൂരപരിധിക്ക് പുറത്ത്, പദ്ധതിയുടെ കനാൽ പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്നവർക്ക് സ്ഥലം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ടും, ഇവർക്ക് ഭൂമി അനുവദിക്കുന്നതിന് NOC നൽകുന്നതിന് ജല വിഭവ വകുപ്പിനുള്ള സമ്മതറിയിച്ചുകൊണ്ടും പരാമർശം (5) പ്രകാരം ജലവിഭവ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

7. KIP കനാൽ പുറമ്പോക്കിൽ പട്ടയം അനുവദിക്കേണ്ട ഭൂമി, ജല വിഭവ വകുപ്പ് ലാൻഡ് അക്വിസിഷൻ നടപടികളിലൂടെ ആർജ്ജിച്ചതും, റവന്യൂ രേഖകളിൽ കനാൽ പുറമ്പോക്ക്, KIP കനാൽ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും, നിലവിലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം ടി ഭൂമിയിൽ പതിവ് നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ലെന്നും, പട്ടയ നടപടികൾ തുടരുന്നതിന് ടി ഭൂമി റവന്യൂ തരിശിലേക്ക് ഇനം മാറ്റം നടത്തേണ്ടതുണ്ടെന്നും ആയതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരെ സംരക്ഷിക്കുക എന്നത് സർക്കാറിന്റെ പൊതു നയമാണ് എന്നതിലൂന്നിയുള്ള തീരുമാനങ്ങളാണ് KIP കനാൽ പുറമ്പോക്കിലെ പട്ടയ വിഷയത്തിൽ നാളിതുവരെ നടന്ന യോഗങ്ങളിലെല്ലാം തന്നെ സ്വീകരിച്ചിട്ടുള്ളത്. അതിന് കാരണമായത് ചുവടെ പറയുന്ന വസ്തുതകളാണ്:

കൈവശക്കാരിൽ ഭൂരിഭാഗവും വീട് വച്ച് താമസിക്കുന്നവരായതിനാൽ, അവരെ അവിടെ നിന്നും മാറ്റിപ്പാർപ്പിക്കുക എന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ അപ്രായോഗികമാണ്. കല്ലട ജലസേചന പദ്ധതി (KIP) എന്നത് കാർഷികാവശ്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ആരംഭിച്ച ഒരു പദ്ധതിയായതിനാൽ, ഈ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും കർഷക കുടുംബങ്ങളാണ്. അവരുടെ ജീവിതമാർഗം കൂടുതലും പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടതും, കൈവശഭൂമിയിൽ കൃഷി ചെയ്താണ് ഭൂരിഭാഗം കുടുംബങ്ങളും കഴിയുന്നത്. മറ്റെവിടെയും ഭൂമിയില്ലാത്തവരും കൈവശക്കാരിൽ ഉൾപ്പെട്ടിട്ടുണ്ട്. കൈവശങ്ങളിൽ കൂടുതലും 30 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണ്. കൈവശ ഭൂമിക്ക് പട്ടയമില്ലാത്തതിനാൽ ലൈഫ് മിഷൻ പോലെയുള്ള പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനോ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിനോ സാധിക്കുന്നില്ല.

9. മേൽ സാഹചര്യത്തിൽ, കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പരാമർശം (5) പ്രകാരം ജലവിഭവ വകുപ്പ് നൽകിയ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനായി, റവന്യൂ രേഖകൾ പ്രകാരം വനഭൂമി അല്ലാത്ത ഭൂമി പുറമ്പോക്കിൽ നിന്നും തരിശിലേക്ക് ഇനം മാറ്റം നടത്തി, ചുവടെ പറയുന്ന മാനദണ്ഡപ്രകാരം, ടി ഭൂമിയിലെ കൈവശങ്ങൾക്ക് ഭൂമി പതിച്ചു നല്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. മറ്റെങ്ങും ഭൂമി ഇല്ലാത്തവരും, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കുറവും ആണെങ്കിൽ, കൈവശ ഭൂമിയിൽ വീട് ഉണ്ടെങ്കിലും ഇല്ലെങ്കിലും, ടിയാളുകൾക്ക് വീട് നിർമിക്കുന്നതിന്, പഞ്ചായത്ത് പ്രദേശത്ത് പരമാവധി 15 സെന്റ് വരെയും, മുൻസിപ്പൽ

പ്രദേശത്ത് പരമാവധി 10 സെന്റ് വരെയും, ഭൂമിയിലെ കൈവശകാലയളവ് കണക്കാക്കി സൗജന്യ നിരക്കിൽ Occupied / Unoccupied പട്ടയം നൽകാവുന്നതാണ്.

ii. വീട് വച്ചോ, കൃഷി ചെയ്തോ ഭൂമി കൈവശം വെച്ച് വരുന്നവർ മറ്റെങ്ങും ഭൂമി ഇല്ലാത്തവരാണെങ്കിൽ, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കൂടുതലും ആണെങ്കിൽ, ടിയാളുകൾക്ക്, ബന്ധപ്പെട്ട ഭൂ പതിവ് ചട്ടങ്ങളിലെ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, പഞ്ചായത്ത് പ്രദേശത്ത് പരമാവധി 15 സെന്റ് വരെയും, മുൻസിപ്പൽ പ്രദേശത്ത് പരമാവധി 10 സെന്റ് വരെയും സൗജന്യ നിരക്കിൽ ഭൂമി പതിച്ച് നൽകാവുന്നതാണ്.

iii. മറ്റു സ്ഥലത്ത് ഭൂമിയുള്ളതും, പ്രസ്തുത ഭൂമിയിൽ വീടില്ലാത്തവരും ആണെങ്കിൽ, ഇവർ കനാൽ പുറമ്പോക്കിലെ ഭൂമിയിൽ വീട് വച്ച് താമസിച്ച് വരികയാണെങ്കിൽ, ടിയാളുകൾക്ക്, ബന്ധപ്പെട്ട ഭൂ പതിവ് ചട്ടങ്ങളിലെ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, വീട് നിൽക്കുന്ന ഭൂമി, പഞ്ചായത്ത് പ്രദേശത്ത് പരമാവധി 15 സെന്റ് വരെയും, മുൻസിപ്പൽ പ്രദേശത്ത് പരമാവധി 10 സെന്റ് വരെയും സൗജന്യ നിരക്കിൽ പതിച്ച് നൽകാവുന്നതാണ്.

10. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ല കളക്ടർ (കൊല്ലം / പത്തനംതിട്ട)
തഹസിൽദാർ (പുനലൂർ / പത്തനാപുരം / കൊട്ടാരക്കര / അടൂർ)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (14.03.2026-ലെ ഇനം നം: 4004 പ്രകാരം)
വിവര-പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ വകുപ്പ്)
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ (Comp.No : 2939993)

ഉത്തരവിൻ പ്രകാരം

**Signed by Kumari Sindhu S**
**Date: 15-03-2026 15:35:15**

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
റവന്യൂ സെക്രട്ടറിയുടെ സി.എ-യ്ക്ക്.
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. എം1/196/2024/റവ. ഇനം നം: 4004

വിഷയം : റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം കൊട്ടാരക്കര താലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിൽ കൈവശഭൂമി ഉള്ളവർക്ക് പട്ടയം നൽകുന്ന വിഷയം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

4004

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം1/196/2024/റവ |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിൽ കൈവശഭൂമി ഉള്ളവർക്ക് പട്ടയം നല്കുന്ന വിഷയം സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.02.2026 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>(ജലവിഭവവകുപ്പുമായി ചേർന്ന് നടത്തിയ യോഗത്തിലെ തീരുമാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.എം.ജി.രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിൽ കൈവശഭൂമി ഉള്ളവർക്ക് പട്ടയം നല്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ഈ വിഷയത്തിൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും, ബഹു.ജലവിഭവ വകുപ്പ് മന്ത്രി, ബഹു.ഗതാഗത വകുപ്പ് മന്ത്രി, ബഹു.ഡെപ്യൂട്ടി സ്പീക്കർ, ബഹു.പുനലൂർ എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിലും 11.12.2024-ന് ഒരു യോഗം ചേർന്നിരുന്നു. കല്ലട ഇറിഗേഷൻ പദ്ധതിക്ക് (KIP) വേണ്ടി ഏറ്റെടുത്തിട്ടുള്ള ഭൂമിയിലെ അർഹരായ കൈവശക്കാരിൽ പരമാവധി ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിനായി, പട്ടയത്തിനായി പരിഗണിക്കേണ്ട നിലവിലെ കൈവശങ്ങളുടെ, കനാലിന്റെ വശങ്ങളിൽ നിന്നുള്ള ദൂരപരിധി, നിലവിലെ ചട്ടപ്രകാരമുള്ള 3.017 മീറ്റർ ആയി തത്വത്തിൽ അംഗീകരിക്കുന്നതിന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത യോഗത്തിന്റെ തുടർച്ചയായി ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും, ബഹു.ജലവിഭവ വകുപ്പ് മന്ത്രി, ബഹു.ഗതാഗത വകുപ്പ് മന്ത്രി, ബഹു.പുനലൂർ എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിലും 02.04.2025-ന് മറ്റൊരു യോഗം ചേരുകയും, കൊല്ലം, പത്തനംതിട്ട ജില്ലാ കളക്ടർമാരും, ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്നുള്ള ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും, കനാലിന്റെ ഓരോ ഭാഗത്തും നിശ്ചയിക്കേണ്ടുന്ന ദൂരപരിധിയുടെ കാര്യത്തിൽ പ്രസ്തുത കമ്മിറ്റി ഒരു തീരുമാനമെടുത്ത്, പട്ടയം നൽകുന്നതിന് അർഹരായവരുടെ വിശദമായ ഒരു ലിസ്റ്റ് തയാറാക്കി, പട്ടയം നൽകുന്നതിനായി സർക്കാർ തലത്തിൽ ഉത്തരവുണ്ടാകുന്നതിന് പര്യാപ്തമായ പ്രൊപോസൽ സമർപ്പിക്കുന്നതിനും തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

3.) പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പത്തനംതിട്ട ജില്ലയിൽ നടന്ന സംയുക്ത പരിശോധനയിലെ ഡാറ്റാ പ്രകാരം KIP പുറമ്പോക്കിലെ ആകെ കൈവശങ്ങൾ 248 ആണ്. ഇതിൽ 3.017 മീറ്ററിന് പുറത്ത് 237 കൈവശങ്ങൾ ഉണ്ട്. കനാലിൽ നിന്നും സുരക്ഷിതമായ ദൂരപരിധി എത്രയെന്നോ, എത്ര കൈവശങ്ങൾ പരിഗണിക്കാവുന്നതാണ് എന്നോ ഉള്ള വിവരം കെ.ഐ.പി അധികാരികൾ അറിയിച്ചിട്ടില്ലാത്തതിനാൽ,

തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നില്ലായെന്നാണ് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൊല്ലം ജില്ലയിൽ നടന്ന രണ്ടാംഘട്ട പരിശോധനയിൽ, കൊട്ടാരക്കര (78), പുനലൂർ (766), പത്തനാപുരം (795) താലൂക്കുകളിലെയായി KIP പുറമ്പോക്കിൽ ആകെ 1639 കൈവശങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 3.017 മീറ്ററിന് പുറത്തുള്ളത് 1572 കൈവശങ്ങൾ ആണ്. ആയത് കൊട്ടാരക്കര താലൂക്കിൽ 69 കൈവശങ്ങൾ, പുനലൂർ താലൂക്കിൽ 728 കൈവശങ്ങൾ, പത്തനാപുരം താലൂക്കിൽ 775 കൈവശങ്ങൾ എന്നിങ്ങനെയാണ്.

4.) പുനലൂർ താലൂക്കിലെ കൈയ്യേറ്റങ്ങളിൽ അധികവും കൃഷി ചെയ്ത് വരുന്ന സ്ഥലമാണെന്നും, താൽക്കാലിക ഇടവിളകൾ കൃഷിചെയ്യുന്ന കൈവശങ്ങൾ പട്ടയത്തിന് പരിഗണിക്കാവുന്നതാണെന്നും, കട്ടിംഗ് ഏരിയയിൽ ഉൾപ്പെട്ട് വരുന്നതും നിശ്ചിത ദൂരം പാലിക്കുന്നതുമായ കൈയ്യേറ്റങ്ങൾ പതിവ് നടപടികൾക്ക് വിധേയമാക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പൊന്നും വില കൊടുത്ത് ഭൂമി ആരുടെ കൈയ്യിൽ നിന്നാണോ വാങ്ങിയത് അവർക്ക് തന്നെ തിരികെ ഭൂമിക്ക് പട്ടയം കൊടുക്കുന്ന സാഹചര്യമാണുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനാപുരം താലൂക്കിലെ കൈവശങ്ങളിൽ ഭൂരിഭാഗവും കനാലിന്റെ ഫില്ലിംഗ് ഏരിയയിൽ ആയതിനാൽ മിക്ക കൈവശങ്ങളും KIP ഉദ്യോഗസ്ഥരുടെ എതിർപ്പ് മൂലം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും, കനാലിന്റെ ഭൂരിഭാഗവും കടന്നുപോകുന്നത് KIP-ക്ക് വിവിധ ഉത്തരവുകളിലൂടെ ലീസിന് നൽകിയിട്ടുള്ളതും, ജണ്ടയിട്ട് തിരിച്ചിട്ടുള്ളതുമായ വനഭൂമിയിലൂടെയാണെന്നും, ഈ സ്ഥലത്തെ കൈവശക്കാർ വനഭൂമി പട്ടയത്തിനായുള്ള JVR ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.) KIP കനാൽ നിർമ്മാണത്തിനായി വിവിധ കാലയളവുകളിൽ കൈമാറിയ വനഭൂമി ഡിസ്റിസർവ്വ് ചെയ്തിട്ടില്ലാത്തതാണെന്നും, റിസർവ്വ് സ്റ്റാറ്റസ് ഉള്ള ടി വനഭൂമികളിലെ കയ്യേറ്റങ്ങൾക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണെന്നും പുനലൂർ ഡിഎഫ്.ഒ അറിയിച്ചിട്ടുള്ളതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ, KIP കനാൽ പുറമ്പോക്ക് പട്ടയ വിഷയത്തിൽ ചേർന്ന യോഗങ്ങളിൽ

പട്ടയം നൽകുന്നതിനായി പറഞ്ഞിട്ടുള്ള കനാലിൽ നിന്നുള്ള ദൂര പരിധി (3.017 മീറ്റർ) അംഗീകരിക്കാൻ സംയുക്ത പരിശോധനയിൽ പങ്കെടുത്ത KIP ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ലാത്താണെന്നും, അപ്രകാരം 3.017 മീറ്റർ എന്ന ദൂര പരിധി പാലിക്കാത്ത പക്ഷം, KIP കനാൽ പുറമ്പോക്കിൽ താമസിക്കുന്ന ഭൂരിഭാഗം പേരേയും പട്ടയത്തിന് പരിഗണിക്കാൻ കഴിയുന്നതല്ല എന്നും പ്രസ്തുത സാഹചര്യത്തിൽ ഈ വിഷയത്തിൽ കനാൽ പുറമ്പോക്കിലെ കൈവശ കക്ഷികൾ പേരിൽ പട്ടയം അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ മാനദണ്ഡം നിശ്ചയിച്ച് ഉത്തരവുണ്ടാകേണ്ടതുണ്ടെന്നും ആണ് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നത്.

6.) തുടർന്ന്, ടി വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും, ബഹു.റവന്യൂ വകുപ്പ് മന്ത്രി, ബഹു.ധനകാര്യ വകുപ്പ് മന്ത്രി, ബഹു.ഗതാഗത വകുപ്പ് മന്ത്രി, ബഹു.ഡെപ്യൂട്ടി സ്പീക്കർ, എന്നിവരുടെ സാന്നിധ്യത്തിലും ഒരു യോഗം 20.12.2025-ന് ചേർന്നിരുന്നു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 05.01.2026 തീയതിയിൽ ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും കൂടി സൈറ്റ് പരിശോധന നടത്തുകയുണ്ടായി. തുടർന്ന്, 2026 ജനുവരി 6-ആം തീയതി അടുത്ത യോഗം ചേരുകയും, Superintending Engineer-ടെ നേതൃത്വത്തിൽ, റവന്യൂ ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി ഒരു ടീം രൂപീകരിക്കുന്നതിനും, കരട് മാർഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനും തീരുമാനമെടുത്തിരുന്നു.

7.) കൊല്ലം, പത്തനംതിട്ട ജില്ലകളിലെ KIP കനാൽ പുറമ്പോക്കിൽ കൈവശഭൂമി ഉള്ളവർക്ക് പട്ടയം നല്കുന്നതിനായി NOC നല്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ജലവിഭവ വകുപ്പിന്റെ ഫയലിനൊപ്പം (IR1/142/2024/WRD) KIP പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം നല്കുന്ന വിഷയത്തിലെ റവന്യൂ വകുപ്പിന്റെ ഫയൽ കൂടി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ക്യാബിനറ്റ് നോട്ട് തയാറാക്കി സമർപ്പിക്കാൻ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും ഫോൺ മുഖേന നിർദേശിച്ചിരുന്നു. കനാലിൽ നിന്നുള്ള ദൂരപരിധി നിശ്ചയിക്കുന്ന വിഷയവും, NOC നല്കുന്ന വിഷയവും ആണ് ജലവിഭവ വകുപ്പിന്റെ ഫയലിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നത് എന്നതിനാൽ, KIP കനാൽ പുറമ്പോക്കിലുള്ളവർക്ക് പട്ടയം നല്കുന്നതിനായി, ഏതൊക്കെ വിഷയങ്ങളാണ് റവന്യൂ വകുപ്പിന്റേതായി മന്ത്രിസഭയുടെ പരിഗണനയ്ക്ക്

സമർപ്പിക്കേണ്ടത് എന്ന് പരിശോധിക്കുകയുണ്ടായി.

8.) പത്തനംതിട്ട ജില്ലയിലെ വിവരശേഖരണം പൂർത്തിയാക്കികൊണ്ട് തയാറാക്കിയ ലിസ്റ്റിലെയും, ജില്ലാ കളക്ടറുടെ റിപ്പോർട്ടിലെയും പ്രധാന വിവരങ്ങൾ ഇവയാണ്:

- കുറഞ്ഞ കൈവശ വിസ്തീർണ്ണം 0.13 Ares-ഉം കൂടിയ കൈവശ വിസ്തീർണ്ണം 9.12 Ares-ഉം ആണ്.
- കൈവശക്കാരുടെ കുറഞ്ഞ വരുമാനം 10,000/- രൂപയും, കൂടിയ വരുമാനം 1,44,000/- രൂപയും ആണ്.
- അപേക്ഷകന്റെ പേരിലോ കുടുംബങ്ങളുടെ പേരിലോ വേറെ പട്ടയസ്ഥലമുള്ള കേസുകൾ - 48.
- സ്ഥലത്ത് സ്ഥിരതാമസമില്ലാത്തവർ - 7.
- വീടില്ലാത്തതും, മറ്റ് ആവശ്യങ്ങൾക്കായി (കട മുതലായവ) ഉപയോഗിക്കുന്ന കേസുകൾ - 1

9.) കൊല്ലം ജില്ലയിലെ വിവരണ ശേഖരണം പൂർത്തിയാക്കി അന്തിമ ലിസ്റ്റ് ലഭിച്ചിട്ടില്ല. ഫയലിൽ ലഭ്യമായ വിവരങ്ങൾ അപൂർണവുമാണ്. എന്നിരുന്നാലും, ജില്ലാ കളക്ടർ ഏറ്റവും ഒടുവിൽ ലഭ്യമാക്കിയ റിപ്പോർട്ടിലെ വിവരങ്ങൾ ഇപ്രകാരമാണ്.

- വീട് വച്ച് താമസിക്കുന്നവർ - 1081
- കൃഷി ചെയ്യുന്നവർ - 491
- മറ്റ് ഭൂമിയുള്ളവർ - 371
- ദൂരപരിധിക്കുള്ളിൽ (3.017) കൈവശമുള്ളവരിൽ (1639-1572=67) മറ്റ് ഭൂമി ഇല്ലാത്തവർ - 63

കൊല്ലം ജില്ലയിലെ കൈവശക്കാരുടെ കൈവശ വിസ്തീർണവും, വരുമാനവും ആണ് ലഭ്യമാകാനുള്ള പ്രധാന വിവരങ്ങൾ. നിലവിലുള്ള ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം സൗജന്യ പതിവിനുള്ള വരുമാന പരിധി 2,50,000/- രൂപയാണ്. കൊല്ലം ജില്ലയിലെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഈ പരിധിക്കപ്പുറമുള്ളവരുടെ വിവരം ലഭ്യമല്ല മാത്രമല്ല ചട്ടപ്രകാരമുള്ള ഭൂ പരിധിക്കപ്പുറം കൈവശമുള്ളവർ ആരെങ്കിലും ഉണ്ടോ എന്നതും

വ്യക്തമല്ല.

10.) കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരെ സംരക്ഷിക്കുക എന്നത് സർക്കാറിന്റെ പൊതു നയമാണ് എന്നതിലൂന്നിയുള്ള തീരുമാനങ്ങളാണ് KIP കനാൽ പുറമ്പോക്കിലെ പട്ടയ വിഷയത്തിൽ നാളിതുവരെ നടന്ന യോഗങ്ങളിലെല്ലാം തന്നെ സ്വീകരിച്ചിട്ടുള്ളത്. അതിന് കാരണമായത് ചുവടെ പറയുന്ന വസ്തുതകളാണ്.

- കൈവശക്കാരിൽ ഭൂരിഭാഗവും വീട് വച്ച് താമസിക്കുന്നവരായതിനാൽ, അവരെ അവിടെ നിന്നും മാറ്റിപ്പാർപ്പിക്കുക എന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ അപ്രായോഗികമാണ്.
- കല്ലട ജലസേചന പദ്ധതി (KIP) എന്നത് കാർഷികാവശ്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ആരംഭിച്ച ഒരു പദ്ധതിയായതിനാൽ, ഈ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും കർഷക കുടുംബങ്ങളാണ്.
- അവരുടെ ജീവിതമാർഗം കൂടുതലും പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടതും, കൈവശഭൂമിയിൽ കൃഷി ചെയ്താണ് ഭൂരിഭാഗം കുടുംബങ്ങളും കഴിയുന്നത്.
- മറ്റെവിടെയും ഭൂമിയില്ലാത്തവരും കൈവശക്കാരിൽ ഉൾപ്പെട്ടിട്ടുണ്ട്.
- കൈവശങ്ങളിൽ കൂടുതലും 30 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണ്.
- കൈവശ ഭൂമിക്ക് പട്ടയമില്ലാത്തതിനാൽ ലൈഫ് മിഷൻ പോലെയുള്ള പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനോ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിനോ സാധിക്കുന്നില്ല.

11.) ഭൂമി പതിവ് സംബന്ധിച്ച് പൂർണമായ ഒരുത്തരവ് പുറപ്പെടുവിക്കാൻ പാകത്തിൽ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലും, വിവരങ്ങൾ അപൂർണമായിരുന്നതിനാലും, ഈ ഫയലിലെ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ലാത്തതിനാലും, കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര തലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നല്കുന്നതിനായി ചുവടെ പറയുന്ന

നിർദേശങ്ങൾ പരിഗണിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായും, അപ്രകാരമെങ്കിൽ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായും ബഹു.റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ഫയൽ ചംക്രമണം ചെയ്യുന്നു.

**A.** 02.04.2025-ന് നടന്ന ബഹു.റവന്യൂ-ജലവിഭവ വകുപ്പ് മന്ത്രിമാരുടെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ - ജലവിഭവ വകുപ്പുകൾ സംയുക്തമായി നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ തയാറാക്കിയ KIP പുറമ്പോക്കിലെ കൈവശക്കാരുടെ പട്ടികയിൽ നിന്നും, ചുവടെ പറയുന്ന വിഭാഗത്തിൽ ഉൾപ്പെട്ടതും, റവന്യൂ രേഖകൾ പ്രകാരം വനഭൂമി അല്ലാത്ത പ്രദേശങ്ങളിൽ ഭൂമിയുള്ളതുമായ ആളുകളെ പട്ടയത്തിനായി പരിഗണിക്കാവുന്നതാണ്.

- KIP പുറമ്പോക്കിൽ വീട് വെച്ചോ കൃഷി ചെയ്തോ കൈവശം വെച്ചു വരുന്നവരും, മറ്റെങ്ങും ഭൂമി ഇല്ലാത്തവരും, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കുറവും ആണെങ്കിൽ, ജലവിഭവ വകുപ്പ് നിശ്ചയിക്കുന്ന, കനാലിൽ നിന്നുള്ള ദൂരപരിധിക്ക് വിധേയമായും, കേരള ഭൂ പതിവ് ചട്ടം 1964, ചട്ടം 5, 6 എന്നിവയിൽ നിഷ്കർഷിക്കുന്ന ഭൂ പരിധിക്ക് വിധേയമായും കൈവശഭൂമി പതിച്ച് നൽകാവുന്നതാണ്.

- KIP പുറമ്പോക്കിൽ വീട് വെച്ചോ കൃഷി ചെയ്തോ കൈവശം വെച്ചു വരുന്നവരും, മറ്റെങ്ങും ഭൂമി ഇല്ലാത്തവരും, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കൂടുതലും ആണെങ്കിൽ, ജലവിഭവ വകുപ്പ് നിശ്ചയിക്കുന്ന, കനാലിൽ നിന്നുള്ള ദൂരപരിധിക്ക് വിധേയമായും, കേരള ഭൂ പതിവ് ചട്ടം 1964, ചട്ടം 5, 6 എന്നിവയിൽ നിഷ്കർഷിക്കുന്ന ഭൂ പരിധിക്ക് വിധേയമായും, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേകാധികാരം വിനിയോഗിച്ച് വരുമാനപരിധിയിൽ ഇളവ് നൽകികൊണ്ട് ഭൂമി പതിച്ച് നൽകാവുന്നതാണ്.

**B.** റവന്യൂ - ജലവിഭവ വകുപ്പുകളുടെ സയുക്ത സർവേയിൽ ഉൾപ്പെട്ടവരിൽ, KIP പുറമ്പോക്കിൽ അല്ലാതെ മറ്റെവിടെയെങ്കിലും ഭൂമി ഉള്ളവർക്കും, റവന്യൂ രേഖകൾ പ്രകാരം വനഭൂമിയായി കാണപ്പെടുന്ന സ്ഥലങ്ങളിലെ കൈവശക്കാർക്കും പട്ടയം നല്കുന്ന വിഷയം

പ്രത്യേകം പരിശോധിക്കാവുന്നതും, ഇതിനുള്ള പ്രോപ്പോസൽ സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകാവുന്നതുമാണ്.

12.) റവന്യൂ സെക്രട്ടറി ചുവടെ പറയുന്ന കുറിപ്പ് സഹിതം ഫയൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിരുന്നു:

"ഈ ഫയലിലെ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ലാത്തതാണ് എന്ന വിവരം കൂടി ശ്രദ്ധയിൽപ്പെടുത്തികൊണ്ട്, കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര തലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നല്കുന്നതിനായി, ഖണ്ഡിക 15-ലെ A യിലെ നിർദ്ദേശം അംഗീകരിക്കാവുന്നതാണോ എന്നതിനും, B ലെ നിർദേശം പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കാവുന്നതാണോ എന്നതിലും ഉത്തരവിനായി ബഹു.റവന്യൂ വകുപ്പ് മന്ത്രി കണ്ട് ബഹു. മുഖ്യമന്ത്രിക്ക് ഫയൽ ചംക്രമണം ചെയ്യാവുന്നതാണ്."

13.) തുടർന്ന്, ബഹു.റവന്യൂ വകുപ്പ മന്ത്രി ചുവടെ പറയുന്ന കുറിപ്പ് സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു:

"കൊല്ലം ജില്ലയിലെ പത്തനാപുരം , പുനലൂർ , പത്തനംതിട്ട ജില്ലയിലെ അടൂർ നിയോജക മണ്ഡലങ്ങളിൽ കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശങ്ങളിൽ പതിറ്റാണ്ടുകളായി വീട് വച്ചോ കൃഷി ചെയ്തോ താമസിച്ച വരുന്നവർക്ക് പട്ടയം നൽകുന്നതിനായി ജല വിഭവ , റവന്യൂ ,ധന , ഗതാഗത മന്ത്രിമാർ, ബന്ധപ്പെട്ട MLA മാർ എന്നിവരുടെ സാന്നിധ്യത്തിൽ ചർച്ച നടത്തിയതിന്റെയും സ്ഥല പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കനാലിന്റെ സംരക്ഷണത്തിന് ആവശ്യമായ സ്ഥലം ഒഴിവാക്കിയുള്ള ഭൂമിയിൽ പട്ടയം നൽകുന്നതിനായി നിരാക്ഷേപം നൽകാൻ ജലവിഭവ വകുപ്പ് സമ്മതം അറിയിച്ചിരുന്നു .ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്ക സമർപ്പിക്കാൻ ജലവിഭവ വകുപ്പിന്റെ ഫയലിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട് . ആയതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിനൊപ്പം തന്നെ കൈവശക്കാർക്ക പട്ടയം നൽകുന്നതിന് കൂടി തീരുമാനിക്കേണ്ടതുണ്ട് . . ആയതിനാൽ ജലവിഭവ വകുപ്പ് നിരാക്ഷേപം നല്കുന്ന ഭൂമിയിലെ കൈവശക്കാർക്ക പട്ടയം നൽകുന്നതിനായി മന്ത്രി സഭയുടെ

അനുമതിയോടെ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കാവുന്നതാണ് .

1. മറ്റെങ്ങും ഭൂമി ഇല്ലാത്തവരും, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കുറവും ആണെങ്കിൽ ചട്ട പ്രകാരം തന്നെ പതിവിനു അർഹത ഉള്ളതിനാൽ വീട് നിർമിക്കുന്നതിന് കൈവശ ഭൂമിയിൽ വീട് ഉണ്ടെങ്കിലും ഇല്ലെങ്കിലും പരമാവധി 15 സെന്റ് വരെ പതിച്ച നൽകാവുന്നതാണ്.

2. വീട് വച്ചോ , കൃഷി ചെയ്തോ ഭൂമി കൈവശം വെച്ച വരുന്നവർ മറ്റെങ്ങും ഭൂമി ഇല്ലാത്തവരാണെങ്കിൽ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കൂടുതലും ആണെങ്കിൽ കൂടി സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച പരമാവധി 15 സെന്റ് വരെയുള്ള കൈവശ ഭൂമി പതിച്ച നൽകാവുന്നതാണ്.

3. മറ്റു സ്ഥലത്തു ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവർ ആണെങ്കിൽ കൈവശ ഭൂമിയിൽ വീട് വച്ച് താമസിച്ച വരികയാണെങ്കിൽ വാർഷിക വരുമാനം കണക്കിലെടുക്കാതെ വീട് നിൽക്കുന്ന പരമാവധി 15 സെന്റ് വരെ പതിച്ച നൽകാവുന്നതാണ്.

രേഖകൾ പ്രകാരം വനഭൂമിയായി കാണപ്പെടുന്ന സ്ഥലങ്ങളിലെ കൈവശക്കാർക്കും പട്ടയം നല്കുന്ന വിഷയം പ്രത്യേകം പരിശോധിക്കാവുന്നതും, ഇതിനുള്ള പ്രോപ്പോസൽ സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകാവുന്നതുമാണ്.

ബഹു മുഖ്യമന്ത്രി കണ്ടാലും''

14) തുടർന്ന്, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

15.) തുടർന്ന്, കരട് ക്യാബിനറ്റ് നോട്ട് (മലയാളം & ഇംഗ്ലീഷ്) അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം നിർദേശിച്ചു:

“റവന്യൂ വകുപ്പ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പട്ടയം നൽകണമെങ്കിൽ ജലസേചന വകുപ്പിന്റെ കൈവശമിരിക്കുന്ന ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കേണ്ടതോ പട്ടയം നൽകുന്നതിന് ജനസേചന വകുപ്പ് എൻ.ഒ.സി

നൽകേണ്ടതോ ഉണ്ട്. വ്യവസ്ഥകൾക്ക് വിധേയമായി എൻ.ഒ.സി അനുവദിക്കുന്നതിനുള്ള നിർദ്ദേശം ജലസേചന വകുപ്പ് മന്ത്രിസഭായോഗത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ജലവിഭവ വകുപ്പിന്റെ എൻ.ഒ.സി ലഭിച്ച ശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുക."

16.) കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കല്ലട ജലസേചന പദ്ധതിയുടെ കനാൽ അതിരിൽ നിന്നും 8 മീറ്റർ ദൂരപരിധിക്ക് പുറത്ത് പദ്ധതിയുടെ കനാൽ പുറമ്പോക്ക് സ്ഥലം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും, ഇവർക്ക് ഭൂമി അനുവദിക്കുന്നതിന് NOC നൽകുന്നതിന് ജലവിഭവവകുപ്പിന്റെ സമ്മതമറിയിച്ചുകൊണ്ടും G.O.(Ms).No.27/2026/WRD dated 10.03.2026 ഉത്തരവ് ജലവിഭവ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

17.) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുള്ളതാണ്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും KIP കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി G.O.(Ms).No.27/2026/WRD dated 10.03.2026 പ്രകാരം ജലവിഭവ വകുപ്പ് നൽകിയ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ രേഖകൾ പ്രകാരം വനഭൂമി അല്ലാത്ത ഭൂമി പുറമ്പോക്കിൽ നിന്നും തരിശിലേക്ക് ഇനം മാറ്റം നടത്തി, ടി ഭൂമിയിലെ കൈവശങ്ങൾക്ക് ചുവടെ പറയും പ്രകാരം ഭൂമി പതിച്ചു നൽകാവുന്നതാണോ?

1. മറ്റെങ്ങും ഭൂമി ഇല്ലാത്തവരും, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കുറവും ആണെങ്കിൽ ചട്ട പ്രകാരം തന്നെ പതിവിനു അർഹത ഉള്ളതിനാൽ വീട്

നിർമിക്കുന്നതിന് കൈവശ ഭൂമിയിൽ വീട് ഉണ്ടെങ്കിലും ഇല്ലെങ്കിലും, പഞ്ചായത്ത് പ്രദേശത്ത് പരമാവധി 15 സെന്റ് വരെയും, മുൻസിപ്പൽ പ്രദേശത്ത് പരമാവധി 10 സെന്റ് വരെയും, ഭൂമിയിൽ കൈവശകാലയളവ് കണക്കാക്കി സൗജന്യ നിരക്കിൽ Occupied / Unoccupied പട്ടയം നൽകാമോ?

2. വീട് വച്ചോ, കൃഷി ചെയ്തോ ഭൂമി കൈവശം വെച്ച് വരുന്നവർ മറ്റെങ്ങും ഭൂമി ഇല്ലാത്തവരാണെങ്കിൽ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ കൂടുതലും ആണെങ്കിൽ സൗജന്യ പതിവിന് അർഹതയില്ലാത്തതാണ്. ടിയാളുകൾക്ക് ബന്ധപ്പെട്ട ഭൂ പതിവ് ചട്ടങ്ങളിലെ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, പഞ്ചായത്ത് പ്രദേശത്ത് പരമാവധി 15 സെന്റ് വരെയും, മുൻസിപ്പൽ പ്രദേശത്ത് പരമാവധി 10 സെന്റ് വരെയും സൗജന്യ നിരക്കിൽ പതിച്ച് നൽകാമോ?

3. മറ്റ് സ്ഥലത്ത് ഭൂമിയുള്ളതും പ്രസ്തുത ഭൂമിയിൽ വീടില്ലാത്തവർ ആണെങ്കിൽ, കനാൽ പുറമ്പോക്കിലെ ഭൂമിയിൽ വീട് വച്ച് താമസിച്ച് വരികയാണെങ്കിൽ ടിയാളുകൾക്ക് സൗജന്യ നിരക്കിൽ ഭൂമി പതിച്ച് നൽകാൻ വ്യവസ്ഥയില്ലാത്തതാണ്. ടിയാളുകൾക്ക് സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, വീട് നിൽക്കുന്ന ഭൂമി, പഞ്ചായത്ത് പ്രദേശത്ത് പരമാവധി 15 സെന്റ് വരെയും, മുൻസിപ്പൽ പ്രദേശത്ത് പരമാവധി 10 സെന്റ് വരെയും സൗജന്യ നിരക്കിൽ പതിച്ച് നൽകാമോ?